# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13-05-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കേരളത്തിന് പുതിയ മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിൻറെ തീരുമാനം ഇന്നുണ്ടായേക്കും. മുസ്‌ലിം ലീഗിൻറെ അടിയന്തര നേതൃയോഗം ഇന്ന് പാണക്കാട് ചേർന്നു.

**A decision from the Congress high command on Kerala's new Chief Minister may come today. Muslim League held a key leadership meeting today at Panakkad.**

2.) തമിഴ്നാട് നിയമസഭയിലെ വിശ്വാസ വോട്ടെടുപ്പിൽ വിജയം നേടി ജോസഫ് വിജയുടെ നേതൃത്വത്തിലുള്ള TVK സർക്കാർ. പുതുച്ചേരി മുഖ്യമന്ത്രിയായി എൻ. രംഗസാമി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.

**The TVK government led by Joseph Vijay won the confidence vote in the Tamil Nadu Assembly. N. Rangasamy was sworn in today as the Chief Minister of Puducherry.**

3.) പശ്ചിമേഷ്യൻ ഇന്ധന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, അകമ്പടി വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**In the backdrop of the West Asian fuel crisis, Prime Minister Narendra Modi has significantly reduced the number of escort vehicles in his convoy.**

4.) സ്വർണത്തിൻറെയും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങളുടെയും ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. സ്വർണവില കുതിച്ചുയരുന്നു. പവന് 10,200 രൂപയുടെ വർധന.

**The Central Government has increased the import duty on gold and other precious metals. Gold prices continue to soar, with an increase of 10,200 rupees per sovereign.**

5.) ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന് ന്യൂഡൽഹിയിൽ നാളെ തുടക്കം.

**The BRICS Foreign Ministers' meeting, hosted by India, will begin tomorrow in New Delhi.**

6.) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും..

**In the IPL cricket today, Royal Challengers Bengaluru will take on Kolkata Knight Riders.**

&&&&&&&&&&&&&&&&&&

## KERALA – CM

കേരളത്തിന് പുതിയ മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിൻറെ തീരുമാനം ഇന്നുണ്ടായേക്കും. ഇത് സംബന്ധിച്ച ചർച്ചകൾ ന്യൂഡൽഹിയിൽ അവസാന ഘട്ടത്തിലാണ്. മുഖ്യമന്ത്രി സ്ഥാനത്തേക്ക് കെ സി വേണുഗോപാൽ, രമേശ് ചെന്നിത്തല, വി ഡി സതീശൻ എന്നിവരുടെ പേരുകളാണ് പ്രധാനമായും പരിഗണനയിലുള്ളത്. എംഎൽഎമാരിൽ നിന്നും അഭിപ്രായം ആരാഞ്ഞ ശേഷം മൂന്ന് നേതാക്കളുമായും ഹൈക്കമാൻഡ് ചർച്ച നടത്തിയിരുന്നു. കെപിസിസി മുൻ അധ്യക്ഷന്മാരുടെയും വർക്കിങ്ങ് പ്രസിഡൻറുമാരുടെയും അഭിപ്രായവും ഹൈക്കമാൻഡ് ഇന്നലെ ചോദിച്ചറിഞ്ഞു.

&&&&&&&&&&&&&&&&&&

## MUSLIM LEAGUE MEETING

സംസ്ഥാനത്തെ മുഖ്യമന്ത്രി ചർച്ചയിൽ അനിശ്ചിതത്വം തുടരുന്നതിനിടെ മുസ്‌ലിം ലീഗിൻറെ അടിയന്തര നേതൃയോഗം ഇന്ന് പാണക്കാട് ചേർന്നു. മുഖ്യമന്ത്രി പ്രഖ്യാപനം ഇന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി യോഗശേഷം മാധ്യമങ്ങളോട് പറഞ്ഞു. ഈ തീരുമാനം വന്ന ശേഷം മറ്റ് കാര്യങ്ങൾ നിശ്ചയിക്കാൻ ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ ചുമതലപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു. വിഷയത്തിൽ സോണിയ ഗാന്ധി, മുസ്ലിം ലീഗുമായി സംസാരിച്ചിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു. ലീഗിൻറെ മന്ത്രിസ്ഥാനങ്ങളിലേക്ക് പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ. ബഷീർ, കെ.എം. ഷാജി, എൻ. ഷംസുദ്ദീൻ എന്നിവരുടെ പേരുകൾക്ക് മുൻഗണന ലഭിക്കുന്നതായാണ് സൂചനകൾ. അഞ്ചാം മന്ത്രി സ്ഥാനം ലഭിക്കുകയാണെങ്കിൽ എ.കെ.എം. അഷറഫിനെ പരിഗണിക്കാനാണ് സാധ്യത.

&&&&&&&&&&&&&&&&&&

## EARLY-TN-FLOOR TEST

തമിഴ്നാട് നിയമസഭയിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ വിജയം നേടി ജോസഫ് വിജയുടെ നേതൃത്വത്തിലുള്ള TVK സർക്കാർ. വോട്ടെടുപ്പിൽ 144 എംഎൽഎമാർ വിജയ്ക്ക് അനുകൂലമായി വോട്ടു ചെയ്തു. 22 പേർ എതിർത്ത് വോട്ട് രേഖപ്പെടുത്തിയപ്പോൾ അഞ്ചു പേർ വിശ്വാസ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. ഡിഎംകെ അംഗങ്ങൾ സഭയിൽ നിന്നും വാക്കൗട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## Rangasamy sworn (intro)

പുതുച്ചേരി മുഖ്യമന്ത്രിയായി AINRC നേതാവ് എൻ. രംഗസാമി സത്യപ്രതിജ്ഞ ചെയ്തു. ലോക് നിവാസിൽ നടന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാഷ് നാഥൻ സത്യവാചകം ചൊല്ലിക്കൊടുത്തു.

(ഹോൾഡ്.......)

അഞ്ചാം തവണയാണ് എൻ രംഗസ്വാമി പുതുച്ചേരി മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉൾപ്പടെയുള്ള പ്രമുഖർ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്തു. 30 അംഗ നിയമസഭയിൽ 18 സീറ്റ് നേടിയാണ് എൻഡിഎ സഖ്യം പുതുച്ചേരിയിൽ തുടർഭരണം നിലനിർത്തിയത്.

&&&&&&&&&&&&&&&&&&

## PM- CONVOY

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുള്ള ഇന്ധന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, അകമ്പടി വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ നിർദ്ദേശം നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. SPG മാനദണ്ഡ പ്രകാരമുള്ള എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പുവരുത്തിക്കൊണ്ടാണ് നടപടി. പ്രതിസന്ധിയെ മറികടക്കുന്നതിനായി, ഇറക്കുമതി ഇന്ധനത്തെ ആശ്രയിക്കുന്നത് കുറയ്ക്കണം എന്നതടക്കമുള്ള പ്രധാനമന്ത്രിയുടെ അഭ്യർത്ഥനയ്ക്ക് അനുസൃതമായാണ് ഈ നീക്കം. വാഹനവ്യൂഹത്തിൽ സാധ്യമായ രീതിയിൽ ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടുത്താനും പ്രധാനമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പ്രധാനമന്ത്രിയുടെ ആഹ്വാന പ്രകാരം, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും, വാഹനവ്യൂഹത്തിന്റെ വലുപ്പം പകുതിയായി കുറച്ചു.

&&&&&&&&&&&&&&&&&&

## PM-VEHICLE FLEET REDUCTION

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാന പ്രകാരം , ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഡൽഹി മുഖ്യമന്ത്രിമാരും, മന്ത്രിമാരും, എം.എൽ.എമാരുമടക്കമുള്ള ജനപ്രതിനിധികളും ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടികൾ പ്രഖ്യാപിച്ചു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, അകമ്പടി വാഹനങ്ങളുടെ എണ്ണം പകുതിയായി കുറയ്ക്കാൻ ഉത്തരവിട്ടു. മെട്രോ സർവീസുകൾ, പൊതുഗതാഗതം എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

## Import Duty increase

സ്വർണത്തിൻറെയും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങളുടെയും ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. സ്വർണത്തിനും വെള്ളിക്കുമുള്ള തീരുവ 6 ൽ നിന്ന് 15 ശതമാനമായും, പ്ലാറ്റിനത്തിൻറേത് 15.4 ശതമാനവുമായാണ് വർദ്ധിപ്പിച്ചത്. പുതുക്കിയ തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് ധനമന്ത്രാലയം അറിയിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിദേശ നാണ്യ വിനിമയം കുറയ്ക്കുന്നതിനായി സ്വർണം വാങ്ങുന്നത് ഒഴിവാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തിരുന്നു. തീരുവ വർദ്ധിപ്പിച്ചതിന് പിന്നാലെ സംസ്ഥാനത്ത് സ്വർണവില കുതിച്ചുയർന്നു. പവന് 10,200 രൂപ വർധിച്ച് ഒരു ലക്ഷത്തി 23,120 രൂപയും, ഗ്രാമിന് 15,390 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## NEET - CBI

നീറ്റ്-യുജി പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ചയിൽ സിബിഐ അന്വേഷണം ആരംഭിച്ചു. കേസിൽ രാജസ്ഥാൻ പോലീസ് 15-ഓളം പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ക്രമക്കേടിന്റെ സൂത്രധാരനെന്ന് കരുതുന്ന മനീഷ് എന്നയാളെ ഇന്നലെ ജയ്പൂരിൽ നിന്ന് അറസ്റ്റ് ചെയ്തിരുന്നു. ചോദ്യപേപ്പർ വാങ്ങിയെന്ന് സംശയിക്കുന്ന ശുഭം ഖൈർനാർ എന്ന വിദ്യാർത്ഥിയെയും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ചോദ്യപേപ്പർ ചോർച്ചയുണ്ടായെന്ന ആരോപണത്തെ തുടർന്ന്, മെയ് 3 ന് നടന്ന നീറ്റ് യുജി പരീക്ഷ നാഷണൽ ടെസ്റ്റിങ്ങ് ഏജൻസി ഇന്നലെ റദ്ദാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## BRICS BILATERALS (INTRO)

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന രണ്ട് ദിവസത്തെ ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. വിദേശകാര്യമന്ത്രി എസ്

ജയശങ്കറിൻറെ അധ്യക്ഷതയിലാണ് യോഗം. **വിശദാംശങ്ങളിലേക്ക്.......**
**(ഹോൾഡ് വോയ്സ്)**
ബ്രിക്സ് അംഗരാജ്യങ്ങളിലെയും പങ്കാളിത്ത രാജ്യങ്ങളിലെയും വിദേശകാര്യ മന്ത്രിമാരും പ്രതിനിധി സംഘത്തലവന്മാരും സമ്മേളനത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും ബ്രിക്സ് നേതാക്കൾ കൂടിക്കാഴ്ച നടത്തും. പരസ്പര താത്പര്യമുള്ള ആഗോള- പ്രാദേശിക വിഷയങ്ങളായിരിക്കും ചർച്ച ചെയ്യുക. യോഗത്തിന് മുന്നോടിയായി ചിലി വിദേശകാര്യ മന്ത്രി ഫ്രാൻസികോ പെരേസ് മെക്കീനയുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ ഇന്ന് ചർച്ച നടത്തി. വിപണി വൈവിധ്യവൽക്കരണം, മുൻഗണനാ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടന്നു. ഇന്ന് ദക്ഷിണാഫ്രിക്ക , ബ്രസീൽ, റഷ്യ എന്നീ രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തും.
**ന്യൂസ് ഡെസ്ക് ആകാശവാണി.......**

&&&&&&&&&&&&&&&&&

## PM–FIVE NATION TOUR

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് മറ്റന്നാൾ തുടക്കം. യു.എ.ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്. യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന ശ്രീ.മോദി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. ഞായറാഴ്ച സ്വീഡനും തുടർന്ന് നോർവേയും ഇറ്റലിയും പ്രധാനമന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&

## MEA-MANSAROVAR

കൈലാസ് മാനസരോവർ തീർത്ഥാടനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഈ മാസം 19-ന് മുമ്പ് അപേക്ഷിക്കണമെന്ന് വിദേശകാര്യ മന്ത്രാലയം അഭ്യർത്ഥിച്ചു. അപേക്ഷകർക്ക് കൂടുതൽ വിവരങ്ങൾക്കായി ഔദ്യോഗിക വെബ്സൈറ്റായ kmy.gov.in സന്ദർശിക്കാം.

&&&&&&&&&&&&&&&&&&

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. റായ്പുരിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. ഇന്നലെ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ 82 റൺസിന് തകർത്ത് ഗുജറാത്ത് ടൈറ്റൻസ് പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി.

&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 269 പോയിന്റ് ഉയർന്ന് 74,828 ലും,നിഫ്റ്റി 99 പോയിന്റ് കൂടി 23,479 ലും വ്യാപാരം തുടരുന്നു.

&&&&&&&&&&&&&&&&&&

## REV. IMD EARLY MONSOON

രാജ്യത്ത് ഈ ആഴ്ച അവസാനത്തോടെ തെക്ക്- പടിഞ്ഞാറൻ കാലവർഷം എത്തിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവയുടെ ചില ഭാഗങ്ങളിൽ കാലവർഷം എത്താൻ അനുകൂല സാഹചര്യമുണ്ടെന്നാണ് കാലാവസ്ഥാ വിഭാഗം വ്യക്തമാക്കിയത്. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന് മുകളിലായി രൂപപ്പെട്ട ന്യൂനമർദം 24 മണിക്കൂറിനുള്ളിൽ കൂടുതൽ ശക്തമാകാനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ മഴ കനക്കുമെന്നാണ് മുന്നറിയിപ്പ്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&

## IMD - WEATHER

രാജസ്ഥാനിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമ മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗ മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&

## TRUMP-XI BEIJING SUMMIT

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ചൈനയിലെത്തും. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. വ്യാപാരബന്ധം ശക്തിപ്പെടുത്തുന്നതിനായിരിക്കും ചർച്ചയിൽ മുൻഗണന . 2017-ന് ശേഷം ആദ്യമായാണ് ഒരു അമേരിക്കൻ പ്രസിഡൻറ് ചൈന സന്ദർശിക്കുന്നത്.

&&&&&&&&&&&&&&&&&

## US PRESIDENT CALL UAE

യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യു.എ.ഇ പ്രസിഡന്റ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യൻ സംഭവവികാസങ്ങളുടെ, ഗുരുതരമായ പ്രത്യാഘാതങ്ങളും, പരിഹാരമാർഗങ്ങളും ഇരുവരും ചർച്ച ചെയ്തു. യു.എ.ഇ - യു.എസ് ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വഴികളെക്കുറിച്ചും ചർച്ച നടന്നു.

&&&&&&&&&&&&&&&&&

## J AND K LoC

ജമ്മു കശ്മീരിൽ, പൂഞ്ച് ജില്ലയിലെ നിയന്ത്രണ രേഖയിൽ ഇന്നലെ ഉണ്ടായ നുഴഞ്ഞുകയറ്റ ശ്രമം ഇന്ത്യൻ സൈന്യം പരാജയപ്പെടുത്തി. നടപടിക്കിടെ ഒരു ഭീകരനെ സൈന്യം വധിച്ചു.

&&&&&&&&&&&&&&&&&

## PUNJAB AGNIVEER RESERVATION

പ്രതിരോധ സേനയിലെ സേവന കാലാവധി പൂർത്തിയാക്കിയ അഗ്നിവീരുകൾക്ക് സർക്കാർ ജോലികളിൽ സംവരണം നൽകുന്നതിനായി പ്രത്യേക നയം രൂപീകരിക്കാൻ തീരുമാനിച്ച് പഞ്ചാബ് സർക്കാർ. ഇതിനുള്ള രൂപരേഖയും ചട്ടങ്ങളും അന്തിമമാക്കുന്നതിനായി മുതിർന്ന സിവിൽ, പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഉന്നതതല സമിതിക്കും രൂപം നൽകി.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&